"ഭരണഭാഷ മാതൃഭാഷ"

ആർ1/103901/2017/കോ:വി:വ:

കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, വികാസ് ഭവൻ
തിരുവനന്തപുരം -33
തീയതി: 13/11/2017

## സർക്കുലർ

വിഷയം: കോളേജ് വിദ്യാഭ്യാസ വകുപ്പ്:- തിരുവനന്തപുരം- വിവിധ സ്കോളർഷിപ്പ് അപേക്ഷകളോടൊപ്പം സമർപ്പിക്കുന്ന അനുബന്ധ രേഖകൾ സംബന്ധിച്ച്.

സൂചന:- 2016-17 വർഷത്തെ സ്കോളർഷിപ്പ് അപേക്ഷകൾ വിവിധ സ്ഥാപനങ്ങൾ സന്ദർശിച്ച് പരിശോധന നടത്തിയ കോളേജ് വിദ്യാഭ്യാസ വകുപ്പിലെ ഉദ്യോഗസ്ഥർ സമർപ്പിച്ച റിപ്പോർട്ടുകൾ.-

വിവിധ സ്കോളർഷിപ്പ് അപേക്ഷകൾ വിദ്യാർത്ഥികളിൽ നിന്നും സ്വീകരിക്കുമ്പോൾ വിജ്ഞാപനപ്രകാരമുള്ള അനുബന്ധ രേഖകൾ അപേക്ഷയോടൊപ്പം ഉണ്ടെന്ന് സ്ഥാപനമേധാവികൾ ഉറപ്പുവരുത്തേണ്ടതാണ്. സർട്ടിഫിക്കറ്റുകൾ ഹാജരാക്കുമ്പോൾ വരുമാനസർട്ടിഫിക്കറ്റ് , ബി.പി.എൽ സർട്ടിഫിക്കറ്റ് തുടങ്ങിയവ അതിന് അധികാരപ്പെട്ട ഉദ്യോഗസ്ഥരുടേത് ആണെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്. പോസ്റ്റ്മെട്രിക്, സെൻട്രൽ സെക്ടർ സ്കോളർഷിപ്പുകളുടെ പല അപേക്ഷകളും പൂർണ്ണമായല്ല സമർപ്പിക്കുന്നത്. അവശ്യംവേണ്ട രേഖകൾ ഉണ്ടെന്ന് കർശനമായും ഉറപ്പുവരുത്തേണ്ടതാണ്. പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് അപേക്ഷകളോടൊപ്പം വരുമാന സർട്ടിഫിക്കറ്റ് നിർബന്ധമായും സ്വീകരിക്കേണ്ടതാണ്. 2017-18 വർഷത്തെ സ്കോളർഷിപ്പ് അപേക്ഷകൾ സമയബന്ധിതമായി അപ്രൂവ്/വെരിഫൈ ചെയ്യേണ്ടതും ഈ നിർദ്ദേശങ്ങൾ കർശനമായും പാലിക്കേണ്ടതുമാണ്. ഇതിൽ വീഴ്ച വരുത്തിയാൽ ഉണ്ടാകുന്ന ഭവിഷ്യത്തുകൾക്ക് സ്ഥാപനമേധാവി മാത്രമായിരിക്കും ഉത്തരവാദി എന്നും അറിയിക്കുന്നു.

(ഒപ്പ്)
എം.എസ്.ജയ
കോളേജ് വിദ്യാഭ്യാസ ഡയറക്ടർ

//അംഗീകാരത്തോടെ//

സ്കോളർഷിപ്പ് സ്പെഷ്യൽ ഓഫീസർ.